# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP/P.10/1200/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.10/1200/2023 തീയ്യതി: 31/10/2023

## ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-09-2023 | 16-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-09-2023 | 16-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ് വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിനിമോൾ സാംസൺ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷാജി എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റോസ്മി ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സ്മിത അഗസ്റ്റിൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ധന്യ കെ . എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-01-2023 | 31-03-2023 |
| ശ്രീമതി.നസീയ കെ. സലിം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിന്റ സാമുവൽ പി | മെഡിക്കൽ ഓഫീസർ( ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.ശിവപ്രസാദ് എസ്. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദീപ്തി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജ്യോതിരശ്മി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീമതി.സുജാത എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി.വിലാസിനി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അർത്തുങ്കൽ) | 01-04-2022 | 31-03-2023 |
| ശ്രീമതി. ഇന്ദുലേഖ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അരീപ്പറമ്പ്) | 01-04-2022 | 31-03-2023 |
| ശ്രീ. അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തൈക്കൽ) | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിനിമോൾ എം. എസ് | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി എസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീന | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 30-06-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ശ്യാമ ദാമോദർ | സബ്ബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-07-2022 | 22-11-2022 |
| ശ്രീമതി. ലീന ഡെന്നീസ് | സബ്ബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 23-11-2022 | 31-03-2023 |
| ശ്രീമതി ലിനി ജെ.എൽ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 09-01-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | Excess Of Income Over Expenditure മുൻവർഷ ക്ലോസിംഗ് ബാലൻസ് തൻവർഷ ഓപ്പണിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-3 |
| 5 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല | 1-1-4 |
| 6 | ഡയറക്റ്റ്ലി ക്രെഡിറ്റഡ് ബൈ ബാങ്ക്/ ഡയറക്റ്റ്ലി ഡെബിറ്റഡ് ബൈ ബാങ്ക്- തുടർനടപടികൾ സ്വീകരിച്ചില്ല | 1-1-5 |
| 7 | ബാങ്ക് പാസ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-6 |
| 8 | വികസന ഫണ്ട്- എ.സി.ആറും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വാർഷിക കണക്കിൽ നെഗറ്റീവ് തുകകൾ ഉൾപ്പെട്ടത് സംബന്ധിച്ച് | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | യഥാർത്ഥ ഹെഡിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബഡ്ജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 16 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 22 | തനതുവരുമാനവർദ്ധനവിനായി സ്വീകരിച്ച നടപടികൾ | 1-10 |
| 23 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-11 |
| 24 | സ്ഥാപന നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-12 |
| 25 | ലൈസൻസ് ഇല്ലാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 26 | ഫ്യൂവൽ സ്റ്റേഷൻ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13-1 |

| | | |
|---|---|---|
| 27 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-14 |
| 28 | ഓഡിറ്റ് ഇംപാക്ട് - ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽ നികുതി 366/- രൂപ തിരികെ ഒടുക്കി | 1-15 |
| 29 | വാട്ടർ ചാർജ്- യഥാസമയം വാട്ടർ ചാർജ് ഒടുക്കിയില്ല- ഫൈൻ തുക വർദ്ധിക്കുന്നു | 1-16 |
| 30 | പൊതുടാപ്പ് ഒഴിവാക്കുന്നതിനായി തുക അടവാക്കൽ- പദ്ധതി പൂർത്തീകരിച്ചില്ല | 1-17 |
| 31 | വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധിക ചെലവിനിടയാക്കുന്നു | 1-18 |
| 32 | ഐ.കെ.എം-ന് അടയ്ക്കേണ്ട വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-19 |
| 33 | പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കൽ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 34 | സ്ട്രീറ്റ് ലൈൻ നീട്ടൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-21 |
| 35 | ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച് | 1-22 |
| 36 | ആദായ നികുതി ഈടാക്കിയില്ല | 1-23 |
| 37 | പി.എം.എ.വൈ. വിഹിതം- ധന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-24 |
| 38 | പശുക്കൾക്ക് ധാതുലവണ മിശ്രിതം- പൂർണമായും വിതരണം ചെയ്തില്ല | 1-25 |
| 39 | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-26 |
| 40 | പാലിയേറ്റീവ് കെയർ പദ്ധതി ആയുർവേദം- സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു | 1-27 |
| 41 | വികസന ഫണ്ട് (ജനറൽ) -ൽ നിന്നുള്ള ചെലവ് സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല | 1-28 |
| 42 | ചേന്നവേലി, അർത്തുങ്കൽ പൊഴിത്തോടും അനുബന്ധശാഖകളും നവീകരിക്കൽ ഉയർന്ന നിരക്കിൽ ജി.എസ്.ടി.അനുവദിച്ചു | 1-29 |
| 43 | കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല | 1-30 |
| 44 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-31 |
| 45 | ദുരിതാശ്വാസനിധി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 1-32 |
| 46 | ലൈഫ് ഭവനനിർമ്മാണം - 2021-22 ൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഏതാനും പേർ നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-33 |
| | ഭാഗം **2** | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാലിയേറ്റീവ് കെയർ പദ്ധതി ആയുർവേദം- സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു | 3-1 |
| 2 | കരാർ പ്രവൃത്തിയ്ക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല | 3-2 |
| 3 | ചേന്നവേലി, അർത്തുങ്കൽ പൊഴിത്തോടും അനുബന്ധശാഖകളും നവീകരിയ്ക്കൽ ഉയർന്ന നിരക്കിൽ ജി.എസ്.ടി. അനുവദിച്ചു | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023-ലെ കമ്മറ്റി 21(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1) റേഷ്യോസ്

2) അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

(റേഷ്യോസ് വാർഷിക കണക്കിന്റെ ഭാഗമാക്കുന്നതിന് സോഫ്റ്റ്‌വെയർ സപ്പോർട്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അക്കൌണ്ടിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കുന്നതാണെന്നും മറുപടി നല്കി)

### 1-1-2 Excess Of Income Over Expenditure മുൻവർഷ ക്ലോസിംഗ് ബാലൻസ് തൻവർഷ ഓപ്പണിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം Excess Of Income Over Expenditure ഇനത്തിലുള്ള തുക (-)2,77,74,423/-രൂപയാണ്. എന്നാൽ തൻവർഷത്തെ ട്രയൽ ബാലൻസിൽ ഈയിനത്തിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുക (-)2,77,75,509/-രൂപയാണ്. (ഓട്ടോ ജനറേറ്റഡ് റിപ്പോർട്ടാണിതെന്നും കറക്ട് ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ സപ്പോർട്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മറുപടി നല്കി)

### 1-1-3 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [1,43,66,878/- രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [1,04,37,612/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല. (ഓട്ടോ ജനറേറ്റഡ് റിപ്പോർട്ടാണിതെന്നും കറക്ട് ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ സപ്പോർട്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മറുപടി നല്കി)

### 1-1-4 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയില്ല

District Co-operative Bank (40221001010353) എന്ന ബാങ്ക് അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതായി കാണുന്നില്ല. മുൻവർഷത്തെ അക്കൗണ്ട് ബാലൻസായ 12,74,551/-രൂപ തന്നെയാണ് ഈ വർഷവും നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 27,527/-രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.

### 1-1-5 ഡയറക്റ്റ്ലി ക്രെഡിറ്റഡ് ബൈ ബാങ്ക്/ ഡയറക്റ്റ്ലി ഡെബിറ്റഡ് ബൈ ബാങ്ക്- തുടർനടപടികൾ സ്വീകരിച്ചില്ല

A) എസ്.ബി.ഐ ചേർത്തല (67287818657) അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്ലിയേഡ് എന്നതിനു കീഴെ വൌച്ചർ നമ്പറും തീയതിയും മാത്രം രേഖപ്പെടുത്തി ധാരാളം തുകകൾ നല്കിയിട്ടുണ്ട്. ഇപ്രകാരം നല്കിയിട്ടുള്ളവയിൽ 2022 നവംബർ മാസം മുതലുള്ള തുകകൾ ഉൾപ്പെട്ടതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.
B) എസ്.സി.ബി 1344 ചേർത്തല സൌത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക്- തനത് ഫണ്ട്, എസ്.ബി.ഐ. ചേർത്തല (67287818657) എന്നീ അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്ലിയേഡ് എന്നതിനു കീഴെ നല്കിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞതാണെന്ന് കാണുന്നു.

| ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|
| എസ്.ബി.ഐ ചേർത്തല (67287818657) | | |
| 1 | 496422/ 03.10.2022 | 5,197 |
| 2 | 496417/14.09.2022 | 729 |
| എസ്.സി.ബി 1344 ചേർത്തല സൌത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക് | | |

| | | |
|---|---|---|
| 1 | 29246/11.03.2022 | 9,750 |
| 2 | 29265/30.03.2022 | 10,200 |
| 3 | 29283/31.03.2022 | 5,586 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. (ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചതാണിതെന്നും തുടർവർഷത്തിൽ ക്ലിയർ ചെയ്യുന്നതാണെന്നും മറുപടി നല്കി)

1-1-6 ബാങ്ക് പാസ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

IDBI SBM Cherthala, SCB Distress Relief Fund എന്നീ ബാങ്ക് അക്കൌണ്ടുകളുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പ്രസ്തുത അക്കൌണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

1-1-7 വികസന ഫണ്ട്- എ.സി.ആറും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

A) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Development Fund -General ഇനത്തിൽ തൻവർഷത്തെ ചെലവ് 3,44,54,509/-രൂപയും തൻവർഷ അലോട്ട്മെന്റിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത തുക 88,41,526/- രൂപയുമാണ്. ആകെ 4,32,96,035/-രൂപ. എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള വരവും (₹4,22,53,205/-) ഈയിനത്തിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെട്ടിട്ടുള്ള തുകയും (₹7,87,889/-) ചേർന്ന് വരുന്ന തുക ₹4,30,41,094/- മാത്രമാണ്. സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഈയിനത്തിലെ തൻവർഷത്തെ ആകെ ചെലവ് 4,29,02,884/-രൂപയാണ്. (തൻവർഷം ക്യാഷ് ചെയ്യാതിരുന്ന ബില്ലുകൾ ട്രഷറിയിൽ ക്യാൻസൽ ചെയ്യാതിരുന്നതാണ് ഈ വ്യത്യാസത്തിനു കാരണമെന്നറിയിച്ചു.)

B) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Development Fund -TSP ഇനത്തിൽ തൻവർഷത്തെ ചെലവ് 2,89,913/-രൂപയും തൻവർഷ അലോട്ട്മെന്റിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത തുക 1,82,063/- രൂപയുമാണ്. ആകെ 4,71,976/-രൂപ. എന്നാൽ വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6, സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ഈയിനത്തിലുള്ള തുക 4,31,976/-രൂപയാണ്. (തൻവർഷം ക്യാഷ് ചെയ്യാതിരുന്ന ബില്ലുകൾ ട്രഷറിയിൽ ക്യാൻസൽ ചെയ്യാതിരുന്നതാണ് ഈ വ്യത്യാസത്തിനു കാരണമെന്നറിയിച്ചു.)

1-1-8 വാർഷിക കണക്കിൽ നെഗറ്റീവ് തുകകൾ ഉൾപ്പെട്ടത് സംബന്ധിച്ച്

A) വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6-ൽ Medical And Public Health Rural Health Services - Allopathy Hospitals And Dispensaries എന്നയിനത്തിൽ വരവായി നെഗറ്റീവ് തുക [ (-)220000] ഉൾപ്പെട്ടിരിക്കുന്നു.
B). വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-9-ൽ Receipts Towards Postal Chargesഎന്നയിനത്തിൽ വരവായി നെഗറ്റീവ് തുക [ (-)2605] ഉൾപ്പെട്ടിരിക്കുന്നു.
(ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചതാണിതെന്നും തുടർവർഷത്തിൽ ക്ലിയർ ചെയ്യുന്നതാണെന്നും മറുപടി നല്കി)

C) വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ Temporary Advance For Official Purposes എന്നയിനത്തിൽ നെഗറ്റീവ് തുക [ (-)1910040] ഉൾപ്പെട്ടിരിക്കുന്നു. (2023-24 സാമ്പത്തിക വർഷം ഇത് കൃത്യമാക്കിയിട്ടുണ്ടെന്ന് മറുപടി നല്കി)

1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 21.11.2022-ൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയതിനു ശേഷം 31.03.2023-ൽ കറക്ഷൻ എൻട്രി രേഖപ്പെടുത്തുകയാണ് ചെയ്തത്. (തുടർ വർഷങ്ങളിൽ ആവർത്തിക്കാതെ ശ്രദ്ധിക്കാമെന്ന് മറുപടി നല്കി).

1-1-10 യഥാർത്ഥ ഹെഡിൽ ചെലവ് ബുക്ക് ചെയ്തില്ല

"പൊതുടാപ്പ് ഒഴിവാക്കുന്നതിനായി തുക അടവാക്കുക" എന്ന പദ്ധതി പ്രകാരം തൻവർഷം 6,30,000/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതായി കാണുന്നു. ഈ പദ്ധതി

പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ Advance To Implimenting Agencies – Deposit With Kerala Water Authority എന്ന ഹെഡ്ഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1-1-11 ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ) രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| 340100-Bidders Earnest Money Deposit -Receipt | 29,745 | 21,825 |
| 340200106- Deposit Received For Halls And Auditoriums- OB | -- | 700 |
| 340200199- Other Deposit | -- | 5,170 |

1-2 ബഡ്ജറ്റ്

2022-2023 ബഡ്ജറ്റ് 24.03.2022-ലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 42,30,54,245 | 41,97,40,100 |
| വാർഷിക കണക്ക് പ്രകാരം | 26,71,83,557.00 | 25,09,87,090.00 |

പുതുക്കിയ ബജറ്റിന്റെ വിവരം

.പരിഷ്കരിച്ച ബഡ്ജറ്റ്

2022-2023 പരിഷ്കരിച്ച ബഡ്ജറ്റ് 24.03.2023-ലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 36,34,45,019 | 35,44,68,007 |
| വാർഷിക കണക്ക് പ്രകാരം | 26,71,83,557 | 25,09,87,090 |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 50,129,797.00 |
| വരവ് | 8,08,30,999 |

| | |
|---|---|
| ആകെ | 13,09,60,796.00 |
| ചെലവ് | 7,03,93,387 |
| നീക്കിയിരിപ്പ് | 6,05,67,409.00 |

1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി. | അലോട്ട്മെന്റ് വരവ് | ആകെ വരവ് | ആകെ ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 5,04,62,000 | 5,04,62,000 | 4,30,41,094 | 74,20,906 (ലാപ്സായി) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 48,34,000 | 48,34,000 | 48,34,000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 4,76,000 | 4,76,000 | 4,31,976 | 44,024 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 75,73,000 | 75,73,000 | 71,74,776 | 3,98,224 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 93,40,000 | 93,40,000 | 85,41,244 | 7,98,756.00 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-untied-Treasury A/C | 0 | 13,84,084.00 | 13,84,084.00 | 10,62,838 | 3,21,246 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-untied-Bank A/C | 51,80,559 | 67,41,603(Interest -5,46,603) | 1,19,22,162 | 81,49,884 | 37,72,278 (നീക്കിബാക്കി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Treasury A/C | 0 | 33,55,522 | 33,55,522 | 20,14,156 | 13,41,366 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Bank A/C | 57,82,143 | 92,92,000 | 1,50,74,143 | 79,64,410 | 71,09,733 (നീക്കിബാക്കി) |

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി., റ്റി.എസ്.പി.) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 4,16,20,474 | 5,04,62,000 |
| ചെലവ് | 4,29,02,884 | 4,30,41,094 |
| നീക്കിയിരിപ്പ് | (-)12,82,410 | 74,20,906 |

2. വികസന ഫണ്ട് (എസ്.സി.പി.)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 35,72,789 | 48,34,000 |
| ചെലവ് | 48,34,000 | 48,34,000 |
| നീക്കിയിരിപ്പ് | (-)12,61,211 | 0 |

3. വികസന ഫണ്ട് (റ്റി.എസ്.പി.)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 2,93,937 | 4,76,000 |
| ചെലവ് | 4,31,976 | 4,31,976 |
| നീക്കിയിരിപ്പ് | (-)1,38,039 | 44,024 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലവും, ഈയിനത്തിലുള്ള ബാങ്ക് ചാർജ് ചെലവിൽ ഉൾപ്പെടുത്താതിരുന്നത് മൂലവും വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 57,82,143 |

| | | |
|---|---|---|
| വരവ് | 1,26,47,522 | 1,26,47,522 |
| ആകെ | 1,26,47,522 | 1,84,29,665 |
| ചെലവ് | 99,78,566 | 99,78,566 |
| നീക്കിയിരിപ്പ് | 26,68,956 | 84,51,099 |

5. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 51,80,559 |
| വരവ് | 75,79,084 | 75,79,084 |
| പലിശ | 0 | 5,46,603 |
| ആകെ | 75,79,084 | 1,33,06,246 |
| ചെലവ് | 92,12,722 | 92,12,722 |
| നീക്കിയിരിപ്പ് | (-)16,33,638 | 40,93,524 |

## 1-5 പദ്ധതി അവലോകനം

പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 209 | 25,26,53,728 | 164 | 12,11,02,514 | -- | 45 | 78.47 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 215 | 18,50,198 | 18,50,413 | 18,45,643 | 4,770 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8,13,51,889 | 8,13,51,889 | 8,13,51,889 | 0 |
| ആകെ | 215 | 8,32,02,087 | 8,32,02,302 | 8,31,97,532 | 4,770 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | ചെലവ് | എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 7,800.00 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 55,57,200.00 | 503 |
| വിധവ പെൻഷൻ | 1,06,06,400.00 | 1058 |
| വാർദ്ധക്യ കാല പെൻഷൻ | 2,44,57,600.00 | 2882 |
| വികലാംഗ പെൻഷൻ | 59,21,800.00 | 535 |
| 50 വയസ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 21,53,000.00 | 204 |

### 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.9.2023 തീയതിയിൽ 3.00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,703/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1)എല്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളും സകർമ്മ സോഫ്റ്റ്‌വെയറിൽ അപ് ലോഡ് ചെയ്യുന്നില്ല. 30.9.22 തീയതി നടന്ന അടിയന്തിരയോഗത്തിലെ 3/1 നമ്പർ തീരുമാനം സകർമ്മ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.
2)പഞ്ചായത്ത് കമ്മറ്റി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3)കുത്തകപാട്ടം രജിസ്റ്റർ കൃത്യമായി എഴുതി കാലികമാക്കിയിട്ടില്ല.
4)സാമ്പത്തിക വർഷാവസാനം തയ്യാറാക്കപ്പെടുന്ന പേയ്മെന്റ് ബില്ലുകൾ മാർച്ച് 31നകം ചെലവഴിക്കപ്പെടാത്തവ യഥാസമയം റദ്ദ് ചെയ്യാത്തതിനാൽ സുലേഖ ചെലവ് പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാതെ വരുന്നു.
5)വിവിധയിനങ്ങളിൽ കിട്ടുന്ന ചെക്കുകളെല്ലാം ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നോ ആയത് യഥാസമയം കളക്ട് ചെയ്യപ്പെടുന്നുണ്ടെന്നോ ഉറപ്പാക്കപ്പെടുന്നില്ല.
6)സാമ്പത്തിക വർഷാവസാനം തയ്യാറാക്കപ്പെടുന്ന പേയ്മെന്റ് ബില്ലുകൾ മാർച്ച് 31നകം ചെലവഴിക്കപ്പെടാത്തവ യഥാസമയം റദ്ദ് ചെയ്യാത്തതിനാൽ സുലേഖ ചെലവ് പത്രികയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാതെ വരുന്നു.
7)വെള്ളക്കരം കുടിശികയും ഉപയോഗശൂന്യമായ പൊതുടാപ്പുകൾ യഥാസമയം കട്ട് ചെയ്യാത്തതും വെള്ളക്കരമിനത്തിലെ ബാധ്യത വർദ്ധിപ്പിക്കുന്നു.
മേൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

### 1-10 തനതുവരുമാനവർദ്ധനവിനായി സ്വീകരിച്ച നടപടികൾ

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

ബജറ്റിലെ വരവുകളിൽ വസ്തുനികുതിയിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 55,00,000/-രൂപയും ILGMS വസ്തു നികുതി വരവ്-39,91,547/-രൂപയും സഞ്ചയ വസ്തുനികുതി വരവ്-40,06,884/-രൂപയുമാണ്. വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. സെപ്റ്റംബർ മുതൽ ഓരോ വാർഡിലും ക്യാമ്പ് കളക്ഷൻ നടത്തുകയും മാർച്ചിൽ ജീവനക്കാർ നേരിട്ട് വീടുകളിൽ ചെന്ന് നികുതി പിരിക്കുകയും ചെയ്തതിന്റെ

ഫലമായാണ് 100% നികുതി ലഭിച്ചിട്ടുള്ളത്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.07.2023-ലെ 13(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ വാർഡുകളെ താഴെ പറയും പ്രകാരം തിരിച്ചിട്ടുണ്ട്.

പ്രഥമ മേഖല-എ എസ് കനാലിന് കിഴക്ക് ഭാഗം വരുന്ന പഞ്ചായത്ത് പ്രദേശം,മാടക്കൽ-കണിച്ചുകുളങ്ങര റോഡിന് ഇരുവശവും 100 മീറ്ററിനുള്ളിൽ വരുന്ന പ്രദേശം, ചേർത്തല-അർത്തുങ്കൽ-ആലപ്പുഴ തീരദേശ റോഡിൽ മാടക്കൽ ജംഗ്ഷൻ മുതൽ തിരുവിഴ -കോർപിംഗ് വരെ റോഡിന് ഇരു-വശവും 100 മിറ്ററിനുള്ളിൽ വരുന്ന പ്രദേശം.

ദ്വീതീയ മേഖല-പ്രഥമ മേഖലയിലും തൃതീയ മേഖലയിലും വരാത്ത പ്രദേശങ്ങൾ.

തൃതീയ മേഖല-പഞ്ചായത്തിലെ അംഗീകൃത കോളനികൾ .

ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

പഞ്ചായത്തിലെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാരമുള്ള 12 മൊബൈൽ ടവറുകളിൽ 12 എണ്ണത്തിന്റെയും വസ്തുനികുതി തൻവർഷം ലഭിച്ചിട്ടുണ്ട്.

ILGMS-ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജ്ജും ഈടാക്കുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശുപാർയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻകട ലൈസൻസികളിൽനിന്നും എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഞ്ചായത്തിന്റ ആസ്തിയിൽ ഉൾപ്പെട്ട ഫലവൃക്ഷങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1-11 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2022-23ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| തിരുവിഴ ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A 272(ഡി)Apcos | 1&2 |
| തൈക്കൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 196(ഡി)Apcos | 1&2 |
| ആലുങ്കൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 200(ഡി)Apcos | 1&2 |
| കരാറുകാർ | 1&2 |
| റേഷൻ കടകൾ | 1&2 |
| പാലീയേറ്റീവ് നേഴ്സ് | 1&2 |

മേൽ സൂചിപ്പിച്ചവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(11/14.09.2023)നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതു പ്രകാരം തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 സ്ഥാപന നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്.

2022-23 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| എസ്.ബി.ഐ., അർത്തുങ്കൽ | 2 |
| കെ.എസ്.ഇ.ബി. | 1&2 |
| സപ്ലൈകോ സൂപ്പർ മാർക്കറ്റ്, അരീപ്പറമ്പ് | 1&2 |
| സപ്ലൈകോ സൂപ്പർ മാർക്കറ്റ്, അർത്തുങ്കൽ | 1&2 |
| തൃപ്പൂരകുളങ്ങര ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 227(ഡി)Apcos | 1&2 |
| തിരുവിഴ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 272(ഡി)Apcos | 1&2 |
| തൈക്കൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 196(ഡി)Apcos | 1&2 |
| ആലുങ്കൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 200(ഡി)Apcos | 1&2 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:11, തീയതി 14.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇടാക്കി അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് ഇല്ലാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| സ്ഥാപനം |
|---|
| സപ്ലൈകോ സൂപ്പർ മാർക്കറ്റ്, അരീപ്പറമ്പ് |
| സപ്ലൈകോ സൂപ്പർ മാർക്കറ്റ്, അർത്തുങ്കൽ |

| |
|---|
| തിരുവിഴ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 272(ഡി)Apcos |
| തൈക്കൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 196(ഡി)Apcos |
| ആലുങ്കൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 200(ഡി)Apcos |
| പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ |

മേൽ പരാമർശിച്ച സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന്
ഓഡിറ്റ് എൻക്വയറിയ്ക്ക് നം-18/14.09.2023 മറുപടി നൽകി. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-13-1 ഫ്യൂവൽ സ്റ്റേഷൻ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എസ്.ആർ. അംബഭവാനികുമാർ, സീനിയർ റീജിയണൽ മാനേജർ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഉടമസ്ഥതയിലുള്ള(കെട്ടിട നം-17/325)വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിൽ അഞ്ജു കെ.പി.(കിഴക്കേച്ചിറയിൽ, വയലാർ പി.ഒ.)എന്നയാൾ
കൊമ്പംവേലിൽ ഫ്യൂവൽസ് എന്ന പേരിലിൽ പെട്രോൾ പമ്പ് പ്രവർത്തിപ്പിച്ച് വരുന്നു. ഓഡിറ്റ് വേളയിലെ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ഈ സ്ഥാപനം ലൈസൻസ് എടുത്തില്ലാത്തതിനാൽ ഓഡിറ്റ് എൻക്വയറി മുഖേന ലൈസൻസ് എടുക്കാത്തതിന്റെ കാരണം ആവശ്യപ്പെടുകയുണ്ടായി. 2014-15 സാമ്പത്തിക വർഷം വരെ മാത്രമേ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളൂ. 2015-16 വർഷം മുതൽ ഈ സ്ഥാപനം ലൈസൻസ് ഇല്ലാതയാണ് പ്രവർത്തിക്കുന്നത്.നിലവിൽ പഞ്ചായത്തിൽ നിന്ന് ലൈസൻസ് പുതുക്കി കിട്ടുന്നതിനായി 08.06.2023 തീയതിയിൽ A1-5120/23 നമ്പറായി അപേക്ഷ നൽകിയിട്ടുള്ളതാണ്.അപേക്ഷയോടോപ്പം സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, ഫയർ &സേഫ്റ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ലായിരുന്നു. മേൽപ്പടി സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് 17.06.2023 തീയതിയിൽ അറിയിപ്പ് നൽകിയിട്ടിള്ളതും ആയത് നാളിതുവരെ ഹാജരാക്കിയിട്ടില്ലാത്തതുമാണ്. പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിപ്പിക്കരുത്തെന്ന നിർദ്ദേശം നൽകിയതായും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നൽകിയിട്ടുണ്ട്.
കൂടാത ആലപ്പുഴ ജില്ലാ പരാതി പരിഹാര കമ്മിറ്റി കൺവീനർ പഞ്ചായത്ത് സെക്രട്ടറിയോട് ടി വിഷയം സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന്, ലൈസൻസ് പുതുക്കുന്നതിന് ഫയർ ആൻഡ്
റെസ്ക്യൂ എൻ ഒ സി ആവശ്യമാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ലൈസൻസ് നൽകാൻ കഴിയൂ എന്നും അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-24/15.09.23)മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് പുതുക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കി, നിയമാനുസൃതമായി ലൈസൻസ് എടുപ്പിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

1-14 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസി/ സ്ഥാപനം | വാർഡ്/കെട്ടിട നം. | ഈടാക്കിയ മോട്ടോർ ഫീസ് | ഈടാക്കേണ്ട മോട്ടോർ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ലിനു ചെറിയാൻ<br>കയർ മാറ്റ്, റബ്ബർ മാറ്റ് നിർമ്മാണം | 9/185,187 | 2200 | 400HP<br>(അപേക്ഷ പ്രകാരം) 4000 | 1800 |
| 2 | വി.ഡി. പ്രസാദ്<br>കയർ മാറ്റ്, റബ്ബർ മാറ്റ്, ജ്യൂട്ട് മാറ്റിംഗ്സ് നിർമ്മാണം | 8/511,512,513 | 500 | 59 Hp<br>(അപേക്ഷ പ്രകാരം) 1000 | 500 |
| 3 | ബിൻസി<br>പൊടിമിൽ | 11/203A | -- | 10Hp<br>(അപേക്ഷ പ്രകാരം) 100 | 100 |
| ആകെ | | | | | 2400 |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/14.9.23), കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് (2,400/-രൂപ)ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 ഓഡിറ്റ് ഇംപാക്ട് - ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽ നികുതി 366/- രൂപ തിരിക ഒടുക്കി

ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ ഗവ.ഒബ്സർവേഷൻ ഹോം, മായിത്തറ എന്ന സ്ഥാപനത്തിലെ കെയർ ടെക്കർ മനോജ് കുമാർ, ഒന്നാം അർദ്ധ വർഷ നികുതി അടവാക്കിയതിലെ 250/- കുറവ്, ജ്യോതി കെ. പ്രീമെട്രിക്ക് ഹോസ്റ്റൽ, മായിത്തറ എന്ന സ്ഥാപനത്തിലെ ആയ രണ്ടാം അർദ്ധ വർഷ നികുതി അടവാക്കിയതിലെ 50/-കുറവ് ഓഡിറ്റ് എൻക്വയറി നം. 11/10.08.23 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് യഥാക്രമം രസീത് നം. 1230201476 പ്രകാരം 250+60=310(പിഴ പലിശ സഹിതം) 14.09.2023-ലും, രസീത് നം. 1230201477 പ്രകാരം 50+6=56/-രൂപ(പിഴ പലിശ സഹിതം) പഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്.

1-16 വാട്ടർ ചാർജ്- യഥാസമയം വാട്ടർ ചാർജ് ഒടുക്കിയില്ല- ഫൈൻ തുക വർദ്ധിക്കുന്നു

കേരള വാട്ടർ അതോറിറ്റിയുടെ 12.04.2022-ലെ 62371 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2022-ൽ ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 22,909/- രൂപ

കുടിശ്ശിക ഉണ്ടായിരുന്നു. 2022-23 സാമ്പത്തിക വർഷം 396 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ എല്ലാ മാസവും 1,91,004/- രൂപ അടച്ചു പോരുന്നുണ്ട്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരമുള്ള ഫൈൻ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./തീയതി | ഡിമാന്റ് ചെയ്ത ഫൈൻ |
|---|---|---|
| 1 | 62371/12.04.2022 | 451 |
| 2 | 63284/12.05.2022 | 640 |
| 3 | 64207/10.06.2022 | 649 |
| 4 | 64864/07.07.2022 | 662 |
| 5 | 65945/08.08.2022 | 4495 |
| 6 | 66563/06.09.2022 | 688 |
| 7 | 67646/10..10.2022 | 4598 |
| 8 | 68457/07.11.2022 | 791 |
| 9 | 69340/07.12.2022 | 883 |
| 10 | 70170/07.01.2023 | 4719 |
| 11 | 70950/04.02.2023 | 917 |
| 12 | 71765/03.03.2023 | 4831 |
| | ആകെ | 24324 |

ഓരോ മാസവും ഫൈൻ തുക വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. തനത് ഫണ്ടിൽ മതിയായ ബാലൻസ് ഉണ്ടായിരുന്നിട്ടും യഥാസമയം വാട്ടർ ചാർജ് ഒടുക്കാതിരുന്ന കാലത്തെ സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്നും ടി തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-17 പൊതുടാപ്പ് ഒഴിവാക്കുന്നതിനായി തുക അടവാക്കൽ- പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.230/2023

പ്രോജക്ടിന്റെ പേര് : പൊതുടാപ്പ് ഒഴിവാക്കുന്നതിനായി തുക അടവാക്കുക

അടങ്കൽ- വികസന ഫണ്ട് ജനറൽ -6,30,000/രൂപ

ചെലവ്- 6,27,000/-രൂപ (ബിൽ നം.25 തീ.29.11.2022)

നിർവ്വഹണം:- സെക്രട്ടറി

ഗാർഹിക കുടിവെള്ള കണക്ഷനുകൾ വ്യാപകമായതോടെ ഉപയോഗ ശൂന്യമായ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളും (396 എണ്ണം) ഡിസ്കണക്ട് ചെയ്ത് വെള്ളക്കരം ഇനത്തിലുള്ള ബാധ്യത ഒഴിവാക്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 29.11.2022-ൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലായെന്ന് കാണുന്നു. പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്ത് പ്രതിമാസം വെള്ളക്കരമിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കി കൊണ്ടിരിയ്ക്കുകയാണ്. പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് പഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന

അധിക ബാധ്യത ഒഴിവാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.14.09.2023) മറുപടി ലഭ്യമാക്കിയില്ല.)

1-18 വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധിക ചെലവിനിടയാക്കുന്നു

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04) ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm2 വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന ദിനപത്രത്തിൽ നൽകിയ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വിശദീകരണംനൽകേണ്ടതാണ്.

| ദിനപ്പത്രം | പരസ്യം നൽകിയ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | അനുവദിച്ച തുക | 3x8cm2 വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| ദേശാഭിമാനി | 26.3.22 | 5x8 | 6120(After Discount) 180@/cm2 +Gst | 4320@180/cm2 +Gst | 1494 |
| ദേശാഭിമാനി | 06.6.22 | 5x8 | 7480(After Discount) 220@/cm2 +Gst | 5280@220/cm2 +Gst | 2200 |
| ദേശാഭിമാനി | 9.12.21 | 5x8 | 6120(After Discount) 180@/cm2 +Gst | 4320@180/cm2 +Gst | 1494 |

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19 തീയതി 14.09.2023) മറുപടി ലഭ്യമാക്കിയില്ല. പത്രപരസ്യം സർക്കാർ നിർദ്ദേശിച്ച വലുപ്പത്തിൽ മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 ഐ.കെ.എം-ന് അടയ്ക്കേണ്ട വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ട് നം.113/2023

പ്രോജക്ടിന്റെ പേര് : ഐ.കെ.എം-ന് അടയ്ക്കേണ്ട വിഹിതം

അടങ്കൽ- വികസന ഫണ്ട് -1,60,000/-രൂപ

ചെലവ്-1,31,611/-രൂപ (ബിൽ നം.8 തീ.23.08.2022)

മേൽ ട്രഷറി ബിൽ പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 1,31,611/-രൂപ ഐ.കെ.എം വിഹിതമിനത്തിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.14.09.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (1,31,611/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-20 പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കൽ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.75/2023

പ്രോജക്ടിന്റെ പേര് : പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കൽ വാർഡ്-6 (വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കൽ)

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 2,24,000/-രൂപ

ചെലവ്- 2,23,000/- (ബിൽ നം.7 തീ.12.07.2022)

നിർവഹണം :- സെക്രട്ടറി

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ വാർഡ്-6 ലെ പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കുന്നതിനായി മേൽ ബിൽ പ്രകാരം കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ ആലപ്പുഴയുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് 2,23,000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ. 14.09.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,23,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 സ്ട്രീറ്റ് ലൈൻ നീട്ടൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ട് നം.68/2023

പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് ലൈൻ നീട്ടൽ

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 22,25,000/-രൂപ

ചെലവ് - 22,24,831/-

(1.PFMS/DSC/R022302395316 തീ. 13.02.2023- 21,23,705/-രൂപ

2..PFMS/DSC/R022302393239 തീ. 14.02.2023- 1,01,126/-രൂപ)

നിർവ്വഹണം:- സെക്രട്ടറി

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി-യിലേയ്ക്ക് മേൽ പ്രകാരം 22,24,831/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.14.09.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 22,24,831/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : പച്ചക്കറി കൃഷി വികസനം

പ്രോജക്ട് നം. : 63

അടങ്കൽ : വികസന ഫണ്ട്- 3,42,870/-

ചെലവ് : 3,53,000/-

(ബിൽ റെഫറൻസ് നം.22060552017101530535 തീ.28.03.2023

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പച്ചക്കറി കൃഷി വികസനം പദ്ധതി പ്രകാരം കൂലിച്ചെലവ് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യൂണീക് ട്രാൻസാക്ഷൻ

റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| 1 | ജ്യോതി | 828 |
| 2 | ഔസേപ്പച്ചൻ | 1,800 |
| 3 | രാധാകൃഷ്ണൻ എസ്. | 4,536 |
| 4 | രവീന്ദ്രൻ | 1,152 |
| 5 | വിജയലക്ഷ്മി | 792 |
| ആകെ | | 9,108 |

ട്രഷറി ബില്ലുകൾ/ട്രഷറി ചെക്കുകൾ മുഖേന അക്കൌണ്ടുകളിലേക്കു നല്കുന്ന തുകകൾ ഇത്തരത്തിൽ റിട്ടേൺ ആകുമ്പോൾ ഡി.ഡി.ഒ മാർ സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങളെ കുറിച്ച് ട്രഷറി ഡയറക്ടറുടെ 08.12.2021-ലെ 22-ാം നമ്പർ (നം.TRY/1209/2020/E1) സർക്കുലറിലൂടെ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബിൽ മുഖാന്തിരം മാറുന്ന തുകകൾ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്ന തുക അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഗുണഭോക്താക്കൾക്ക് ലഭ്യമാവാനുള്ള സാഹചര്യമൊരുക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26 തീ. 16.09.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-23 ആദായ നികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷം ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ വിവിധ പൊഴികൾ മുറിച്ചതിന് ജെ.സി.ബി. വാടകയിനത്തിൽ വിവിധ കരാറുകാർക്ക് ആകെ 3,44,060/- രൂപ നല്കിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കോൺട്രാക്ടർക്ക് 30,000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക 1,00,000/-രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. ആയതനുസരിച്ച് ജെ.സി.ബി. വാടകയിനത്തിൽ താഴെപ്പറയുന്ന ചെക്കുകൾ പ്രകാരം നല്കിയ തുകയിൽ നിന്നും ആദായ നികുതി കുറവ് ചെയ്യേണ്ടതായിരുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | തുക | ഈടാക്കേണ്ട ആദായ നികുതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 1 | 7286713/06.7.2022 | 92640 | 926 | ശ്രീമതി അനമോൾ തോമസ് |
| 2 | 1820182/11.11.2022 | 103480 | 1035 | ശ്രീമതി അനമോൾ |

| | | | | |
|---|---|---|---|---|
| | | | | തോമസ് |
| 3 | 4527552/12.04.2022 | 104780 | 1048 | ശ്രീ.പ്രസാദ് കെ. |
| 4 | 108403/22.03.2022 | 43160 | 432 | ശ്രീമതി അനുമോൾ തോമസ് |
| | ആകെ | 344060 | 3441/-രൂപ | |

എന്നാൽ മേൽ പ്രകാരമുള്ള തുകകൾ നല്കിയപ്പോൾ ആദായ നികുതി കുറവ് ചെയ്തില്ല. കരാറുകാരിൽ നിന്നും എത്രയും വേഗം ആദായ നികുതി ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.23 തീ 15.09.23) മറുപടി ലഭ്യമാക്കിയില്ല.

## 1-24 പി.എം.എ.വൈ. വിഹിതം- ധന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം.S0087/23 - പി.എം.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം അടയ്ക്കൽ
നിർവ്വഹണം – വി.ഇ.ഒ., അർത്തുങ്കൽ

വകയിരുത്തിയ തുക – 8,00,000 (വികസനഫണ്ട്-പൊതുവിഭാഗം)

ചെലവ് – 8,00,000( BRN 17500567817/23.09.2022)

പി.എം.എ.വൈ. ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്കിൽ അടയ്ക്കുന്ന പ്രോജക്റ്റിൽ 8,00,000/- രൂപ പ്രസ്തുത ബിൽ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/14.09.2023) മറുപടി ലഭിച്ചില്ല. ധന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 8,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പശുക്കൾക്ക് ധാതുലവണ മിശ്രിതം- പൂർണമായും വിതരണം ചെയ്തില്ല

പ്രോജക്ടിന്റെ പേര് - പശുക്കൾക്ക് ധാതുലവണ മിശ്രിതം വാങ്ങൽ

പ്രോജക്ട് നം.153/2023

നിർവ്വഹണം - വെറ്ററിനറി സർജൻ

അടങ്കൽ - വികസന ഫണ്ട്-2,04,000/-രൂപ

ചെലവ് - 2,04,000/-രൂപ

(ബിൽ നം.2 തീ. 25.02.2023)

പശുക്കൾക്ക് ധാതുലവണ മിശ്രിതം വാങ്ങൽ എന്ന പദ്ധതി പ്രകാരം തൻവർഷം കിലോഗ്രാമിന് 102/-രൂപ നിരക്കിൽ 2000 കി.ഗ്രാം ധാതുലവണ മിശ്രിതം കർണാടക ആന്റിബയോട്ടിക്സ് & ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിതരണ രേഖകൾ പരിശോധിച്ചതിൽ ആകെ 168 ഗുണഭോക്താക്കൾക്കായി 1680 കി.ഗ്രാം ധാതുലവണ മിശ്രിതം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് കാണുന്നു. വിതരണത്തിനായി വാങ്ങിയ 320 കി.ഗ്രാം വിതരണം ചെയ്യാതവശേഷിക്കുന്നതിന്റെ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ. 13.09.2023) മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന ധാതുലവണ മിശ്രിതം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ 32,640/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-26 മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകൾ സംബന്ധമായ ഫയലുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം.207

എഫ്.എച്ച്.സിക്ക് ആവശ്യമായ അധിക സൌകര്യം ഒരുക്കൽ

ചെലവ്-47,171/- രൂപ

ചെലവ് രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2.പ്രോജക്ട് നം.209

ചേർത്തല സൌത്ത് സബ് സെന്ററിലേയ്ക്ക് ജീവിത ശൈലി രോഗനിർണയ ഉപകരണങ്ങൾ വാങ്ങൽ

ചെലവ്-52,346/-രൂപ

ചെലവ് രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

3.പ്രോജക്ട് നം.186

പകർച്ചവ്യാധി പ്രതിരോധം - പ്രതിരോധ മരുന്ന് വാങ്ങൽ ഹോമിയോ

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

ചെലവ്-2,00,000/- രൂപ (ട്രഷറി ബിൽ നം.36 തീ.25.08.2022)

മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ രേഖകളും സ്റ്റോക്ക്/ വിതരണ രേഖകളും ഫയലിൽ ലഭ്യമല്ല.

4.പ്രോജക്ട് നം.27

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങൽ

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

ചെലവ്-3,00,000/- രൂപ (ട്രഷറി ബിൽ നം.15 തീ.30.12.2022)

മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ രേഖകളും സ്റ്റോക്ക്/ വിതരണ രേഖകളും ഫയലിൽ ലഭ്യമല്ല.

5.പ്രോജക്ട് നം.23

പാലിയേറ്റീവ് കെയർ പദ്ധതി

ഫണ്ട്-വികസന ഫണ്ട്(ജനറൽ)

ചെലവ്-5,23,460/- രൂപ

ട്രഷറി ബിൽ നം.23 തീ.21.02.2023 പ്രകാരം പിൻവലിച്ച 19,740/-രൂപയുടെ ബിൽ കോപ്പിയും അനുബന്ധ രേഖകളും ഫയലിൽ ലഭ്യമല്ല.

6.പ്രോജക്ട് നം.24

എഫ്.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങൽ

ചെലവ്-6,22,671/- രൂപ

ട്രഷറി ബിൽ നം.23 തീ.21.02.2023, 27/01.03.2023 എന്നിവ പ്രകാരം പിൻവലിച്ച യഥാക്രമം 30,403/-രൂപ 56437/- രൂപ എന്നിവയുടെ ബിൽ കോപ്പിയും അനുബന്ധ രേഖകളും ഫയലിൽ ലഭ്യമല്ല.

7.പ്രോജക്ട് നം.26

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

ഫണ്ട്-തനത് ഫണ്ട്

ചെലവ്-20,270/- രൂപ

ഈ പദ്ധതി ഫയലിൽ 4,200/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 16,070/-രൂപയുടെ ബിൽ കോപ്പിയും അനുബന്ധ രേഖകളും ഫയലിൽ ലഭ്യമല്ല.

ഇതു കൂടാതെ വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ, ലോക്കൽ പർച്ചേസ് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.12 തീ. 14.09.2023) നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ഉണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക (7,22,167/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | തുക |
|---|---|
| 1 | 47,171 |
| 2 | 52,346 |
| 3 | 2,00,000 |
| 4 | 3,00,000 |
| 5 | 19,740 |
| 6 | 86,840 |
| 7 | 16,070 |
| | 7,22,167 |

## 1-27 പാലിയേറ്റീവ് കെയർ പദ്ധതി ആയൂർവേദം- സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു

പ്രോജക്ട് നം.184/2023

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ പദ്ധതി ആയൂർവേദം- അരികെ

അടങ്കൽ - വികസന ഫണ്ട് -5,00,000/-രൂപ

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 5,00,000/-രൂപ

ചെലവ് – 8,48,928/-രൂപ

(1.ബിൽ നം.8 തീ.03.01.2023 – 5,00,000/-രൂപ

2.ബിൽ നം.9 തീ.28.02.2023 – 3,00,000/-രൂപ

3.ബിൽ നം.12 തീ.10.03.2023 – 17,000/-രൂപ

4.ബിൽ നം.13 തീ..10.03.2023 – 31,928/-രൂപ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട മാർഗരേഖ 28.05.2022-ലെ 115/2022 നമ്പർ സർക്കാർ ഉത്തരവ് മുഖേന തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയൂർവേദ പാലിയേറ്റീവ് കെയർ പദ്ധതി പ്രസ്തുത മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ പ്രോജക്ട് നടത്തുന്നതിന് പ്രത്യേകാനുമതിയ്ക്കായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് അപേക്ഷ നല്കിയിരുന്നു.

എന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിന് ആയൂർവേദരീതി മാത്രം അനുവർത്തിക്കാവുന്നതല്ലായെന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനവുമായി ചേർന്ന് സേവനം നല്കാൻ നിർദേശിച്ച

കൊണ്ടും കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 08.03.2023-ലെ 4-93 നമ്പർ തീരുമാന പ്രകാരം പ്രത്യേകാനുമതിയ്ക്കുള്ള അപേക്ഷ നിരസിക്കുകയാണുണ്ടായത്.

എന്നാൽ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി 10.03.2023-ൽ ഈ പദ്ധതിയിൽപ്പെടുത്തി ജീവനക്കാരുടെ വേതനം, വാഹന വാടക എന്നീയിനങ്ങളിലായി 48,928/-രൂപ ചെലവഴിക്കുകയുണ്ടായി. അനുമതിയില്ലാതെ തുക ചെലവഴിക്കാനുണ്ടായ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ. 15.09.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 48,928/-രൂപ ഉത്തരവാദിയായ ആയൂർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 വികസന ഫണ്ട് (ജനറൽ) -ൽ നിന്നുള്ള ചെലവ് സുലേഖ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല

തൻവർഷം വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹിച്ച വീട് വാസയോഗ്യമാക്കൽ (Project No.60) എന്ന പ്രോജക്ടിന് 1,00,000/-രൂപയും കൃഷി ഓഫീസർ നിർവ്വഹിച്ച കൊടിയേറ്റ് വാഴ (Project No.174) എന്ന പ്രോജക്ടിന് 37,500/-രൂപയും ചെലവഴിച്ചതായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തൽ കാണുന്നു. എന്നാൽ പ്രസ്തുത ചെലവുകളൊ, പ്രോജക്ടുകളൊ സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.14.09.2023) മറുപടി ലഭ്യമാക്കിയില്ല). വികസന ഫണ്ടിൽ നിന്നുള്ള ചെലവുകൾ സുലേഖ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 ചേന്നവേലി, അർത്തുങ്കൽ പൊഴിത്തോടും അനുബന്ധശാഖകളും നവീകരിയ്ക്കൽ ഉയർന്ന നിരക്കിൽ ജി.എസ്.ടി.അനുവദിച്ചു

ബിൽ തുക – 1,11,435/-(28/25.6.2022)

കരാറുകാരൻ - വിഷ്ണുദാസ്

കരാർതുക - 6,71,088.63

എസ്റ്റിമേറ്റ് തുക – 14,86,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പ്രോജക്ട് നമ്പർ -119/22

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചേന്നവേലി അർത്തുങ്കൽ പൊഴിത്തോടും അനുബന്ധശാഖകളും നവീകരിയ്ക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചാലിന്റെ ശാഖകൾ വൃത്തിയാക്കുന്നതിന് എർത്ത് വർക്ക് എസ്കവേഷൻ മാത്രം ആകെ മൂല്യത്തിന്റെ 94%ചെയ്തിട്ടുണ്ട്. ആകെ മൂല്യം 99,495.86/- രൂപയാണ്. ഇതിൽ എർത്ത് വർക്ക് എസ്കവേഷന് (2107.31m3 @44.50/m3) 93,775.20/-രൂപ നൽകിയിട്ടുണ്ട്.

2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%).

ഇപ്രകാരം എർത്ത് വർക്ക് മാത്രം 75%ൽ അധികമാണെങ്കിൽ ജി.എസ്.ടി 5% മാത്രമാണ് ബാധകമാകുന്നത്. എന്നാൽ മേൽ പ്രവൃത്തിക്ക് 12% ജി.എസ്.ടി (11939.50/-) അനുവദിച്ചിട്ടുള്ളതായി കാണുന്നു. അനുവദനീയമായത് 4,974.70/-രൂപയാണ്. അധികം നല്കിയ 6,965 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/14.9.23) 18.7.2022-ന് ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾക്ക് 18%,12% നിരക്കിലാണ് ജി.എസ്.ടി. ഈടാക്കുന്നതെന്നാണ്. എന്നാൽ ടി പ്രവൃത്തിയുടെ മൺപണികൾ പ്രസ്തുത തീയതിയ്ക്ക് മുന്നേ പൂർത്തീകരിച്ച് ബില്ല് മാറിയിട്ടുള്ളതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല.

1-30 കരാർ പ്രവൃത്തിയ്ക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പഞ്ചായത്തിലെ ഒട്ടുമിക്ക പ്രവൃത്തികളുടെ കരാറുകാരും ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട ഫൈൻ | ചെലവുവിവരം |
|---|---|---|---|---|---|
| 1 | ഇടത്തോടുകളുടെ നവീകരണംW13-18 | ജയൻ എം. | 8,40,183 | 1680 | 590236/-449 /27.3.23 |
| 2 | ഇലഞ്ഞിക്കുളം നവീകരണം | സെബാസ്റ്റ്യൻ ടി.എൽ. | 7,82,120 | 1564 | 112684/-457 /28.3.23<br>615074/-290 /4.3.23 |
| 3 | ആലുങ്കൽ കണ്ണികാട് റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | സതീഷ്കുമാർ എം. | 84,668 | 169 | 98226/-(194 /7.1.23) |
| 4 | വടയാറ്റുവെളി മാരിയിൽ റോഡ് മെറ്റലിംഗ് ആൻറ് ടാറിംഗ് | സതീഷ്കുമാർ എം. | 5,07,031 | 1014 | 560000/-199/12.1.23<br>33671/ -252/16.2.23 |
| 5 | പി.എസ്.കവല -എഎസ് കനാൽ റോഡ് മെറ്റലിംഗ്ആന്റ്ടാറിംഗ് | ബൈജു കെ. | 5,07,291 | 1015 | 594000/-232/3.2.23 |
| | ആകെ | | | 5442 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ

വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ കരാറുകാർക്കാവശ്യമായ ഉപദേശം നല്കി മതിയായ തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/14.9.2023) ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

## 1-31 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ 2019-20 വർഷം മുൻപുള്ള തുകകൾ ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.23-ലെ നീക്കിയിരുപ്പ് |
|---|---|---|
| 1 | സപ്ലൈയേഴ്സ് ഇഎംഡി | 111256 |
| 2 | സപ്ലൈയേഴ്സ് എസ്.ഡി | 50825 |
| 3 | കോൺട്രാക്ടേഴ്സ് ഇഎംഡി | 36864 |
| 4 | കോൺട്രാക്ടേഴ്സ് എസ്.ഡി | 29133 |
| 5 | ബിഡ്ഡേഴ്സ് എസ്.ഡി | 500 |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 7/14.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ദുരിതാശ്വാസനിധി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

ചേർത്തല സൗത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ചേർത്തല സൗത്ത് സർവ്വീസ് സഹകരണ ബാങ്കിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 6585) 16.10.20-ന ശേഷം ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. പലിശ ഇനത്തിലുള്ള വരവും മറ്റ് വരവുകളും ഉൾപ്പെടെ 31.3.23-ൽ 27527 രൂപ നീക്കിയിരിപ്പുണ്ട്. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ

രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(22/15.9.23) മറുപടി നല്കിയില്ല. ദുരിതാശ്വാസനിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-33 ലൈഫ് ഭവനനിർമ്മാണം - 2021-22 ൽ അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഏതാനും പേർ നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം അഡ്വാൻസ് കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ നിർമ്മാണം ആരംഭിയ്ക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു

ലൈഫ് പദ്ധതി - ഭവന നിർമ്മാണം (എസ് സി)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിഭാഗം | ആദ്യഗഡു40000/- രൂപ നൽകിയതീയതി |
|---|---|---|---|
| 1 | സ്മിത എം.എം., മഞ്ചാടിക്കൽ ലക്ഷം വീട്, കുറുപ്പംകുളങ്ങര, വാർഡ്-6 | എസ് സി | 15.06.2021 |
| 2 | ഹരികുമാർ, കുന്നുംപുറത്ത്, കുറുപ്പംകുളങ്ങര, വാർഡ്-6 | എസ് സി | 16.02.2022 |
| 3 | ദേവിക, പുതുവൽനികർത്ത്, തൈക്കൽ പി.ഒ. | എസ് സി | 30.03.2022 |
| 4 | ഷീലാവതി ആന്റണി, കാട്ടിശ്ശേരി, തൈക്കൽ, വാർഡ്-2 | ജനറൽ | 14.01.2022 |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.) നം.34 /2018/ ത.സ്വ.ഭ.വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റി മാസങ്ങൾ പിന്നിട്ടിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിയേറ്റീവ് കെയർ പദ്ധതി ആയൂർവേദം- സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചു

പ്രോജക്ട് നം.184/2023

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പദ്ധതി ആയൂർവേദം- അരികെ

അടങ്കൽ- വികസന ഫണ്ട് -5,00,000/-രൂപ

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 5,00,000/-രൂപ

ചെലവ് – 8,48,928/-രൂപ

(1.ബിൽ നം.8 തീ.03.01.2023 – 5,00,000/-രൂപ

2.ബിൽ നം.9 തീ.28.02.2023 – 3,00,000/-രൂപ

3.ബിൽ നം.12 തീ.10.03.2023 – 17,000/-രൂപ

4.ബിൽ നം.13 തീ..10.03.2023 – 31,928/-രൂപ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട മാർഗരേഖ 28.05.2022-ലെ 115/2022 നമ്പർ സർക്കാർ ഉത്തരവ് മുഖേന തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയൂർവേദ പാലിയേറ്റീവ് കെയർ പദ്ധതി പ്രസ്തുത മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ പ്രോജക്ട് നടത്തുന്നതിന് പ്രത്യേകാനുമതിയ്ക്കായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് അപേക്ഷ നല്കിയിരുന്നു.

എന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിന് ആയൂർവേദരീതി മാത്രം അനുവർത്തിക്കാവുന്നതല്ലായെന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനവുമായി ചേർന്ന് സേവനം നല്കാൻ നിർദേശിച്ചു കൊണ്ടും കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 08.03.2023-ലെ 4-93 നമ്പർ തീരുമാന പ്രകാരം പ്രത്യേകാനുമതിയ്ക്കുള്ള അപേക്ഷ നിരസിക്കുകയാണുണ്ടായത്.

എന്നാൽ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി 10.03.2023-ൽ ഈ പദ്ധതിയിൽപ്പെടുത്തി ജീവനക്കാരുടെ വേതനം, വാഹന വാടക എന്നീയിനങ്ങളിലായി 48,928/-രൂപ ചെലവഴിക്കുകയുണ്ടായി. അനുമതിയില്ലാതെ തുക ചെലവഴിക്കാനുണ്ടായ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ. 15.09.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 48,928/-രൂപ ഉത്തരവാദിയായ ആയൂർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 കരാർ പ്രവൃത്തിയ്ക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് ഫൈൻ ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2%ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പഞ്ചായത്തിലെ ഒട്ടുമിക്ക പ്രവർത്തികളുടെ കരാറുകാരും ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട ഫൈൻ | ചെലവുവിവരം |
|---|---|---|---|---|---|
| 1 | ഇടത്തോടുകളുടെ നവീകരണംw13-18 | ജയൻ എം. | 840183 | 1680 | 590236/-449 /27.3.23 |

| | | | | | |
|---|---|---|---|---|---|
| 2 | ഇലഞ്ഞിക്കുളം നവീകരണം | സെബാസ്റ്റ്യൻ ടി.എൽ. | 782120 | 1564 | 112684/-457 /28.3.23<br>615074/-290 /4.3.23 |
| 3 | ആലുങ്കൽ കണ്ണികാട് റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | സതീഷ്കുമാർ എം. | 84668 | 169 | 98226/-(194 /7.1.23) |
| 4 | വടയാറ്റുവെളി മാരിയിൽ റോഡ് മെറ്റലിംഗ് ആൻ്റ് ടാറിംഗ് | സതീഷ്കുമാർ എം. | 507031 | 1014 | 560000/- 199/12.1.23<br>33671/ - 252/16.2.23 |
| | പി.എസ്.കവല -എഎസ് കനാൽ റോഡ് മെറ്റലിംഗ്ആന്റ്ടാറിംഗ് | ബൈജു കെ. | 507291 | 1015 | 594000/- 232/3.2.23 |
| | ആകെ | | | 5442 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ കരാറുകാർക്കാവശ്യമായ ഉപദേശം നല്കി മതിയായ തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/14.9.2023) ഫൈൻ തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന്മറുപടി നല്കിയിട്ടുണ്ട്.

3-3 ചേന്നവേലി, അർത്തുങ്കൽ പൊഴിത്തോടും അനുബന്ധശാഖകളും നവീകരിയ്ക്കൽ ഉയർന്ന നിരക്കിൽ ജി.എസ്.ടി. അനുവദിച്ചു

പ്രോജക്ട് നമ്പർ – 119/22

എസ്റ്റിമേറ്റ് തുക – 14,86,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാർ തുക - 6,71,088.63

കരാറുകാരൻ - വിഷ്ണുദാസ്

ബിൽ തുക - 1,11,435/-(28/25.6.2022)

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചേന്നവേലി അർത്തുങ്കൽ പൊഴിത്തോടും അനുബന്ധശാഖകളും നവീകരിയ്ക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചാലിന്റെ ശാഖകൾ വൃത്തിയാക്കുന്നതിന് എർത്ത് വർക്ക് എസ്കവേഷൻ മാത്രം ആകെ മൂല്യത്തിന്റെ 94% ചെയ്തിട്ടുണ്ട്. ആകെ മൂല്യം 99,495.86/- രൂപയാണ്. ഇതിൽ എർത്ത് വർക്ക് എസ്കവേഷന് (2107.31m3 @44.50/m3) 93,775.20/-രൂപ നൽകിയിട്ടുണ്ട്.

2017-ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of

Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%).

ഇപ്രകാരം എർത്ത് വർക്ക് മാത്രം 75%ൽ അധികമാണെങ്കിൽ ജി.എസ്.ടി 5% മാത്രമാണ് ബാധകമാകുന്നത്. എന്നാൽ മേൽ പ്രവൃത്തിക്ക് 12% ജി.എസ്.ടി (11939.50/-) അനുവദിച്ചിട്ടുള്ളതായി കാണുന്നു. അനുവദനീയമായത് 4,974.70/-രൂപയാണ്. അധികം നല്കിയ 6,965 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/14.9.23) 18.7.2022-ന ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾക്ക് 18%,12% നിരക്കിലാണ് ജി.എസ്.ടി. ഈടാക്കുന്നതെന്നാണ്. എന്നാൽ ടി പ്രവൃത്തിയുടെ മൺപണികൾ പ്രസ്തുത തീയതിയ്ക്ക് മുന്നേ പൂർത്തീകരിച്ച് ബില്ല് മാറിയിട്ടുള്ളതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,27,262 | പാലിയേറ്റീവ് കെയർ പദ്ധതി | 1,27,262 | 0 |
| ” | 2022-23 | 7,00,000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 7,00,000 | 0 |
| ” | 2022-23 | 3,00,000 | ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 3,00,000 | 0 |
| ” | 2022-23 | 2,00,000 | പാലിന് സബ്സിഡി | 2,00,000 | 0 |
| ” | 2022-23 | 1,04,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,04,000 | 0 |
| ” | 2022-23 | 23,40,000 | ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ | 23,40,000 | 0 |
| ” | 2022-23 | 1,32,408 | നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി | 1,32,408 | 0 |
| ” | 2022-23 | 7,40,000 | ലൈഫ് മിഷൻ ഭവനനിർമ്മാണം എസ്.സി. | 7,40,000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 46,43,670 | | 46,43,670 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 2,00,000 | 0 |
| ” | 2022-23 | 16,30,000 | ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 16,30,000 | 0 |
| ” | 2022-23 | 1,98,000 | പാലിന് സബ്സിഡി | 1,98,000 | 0 |
| ” | 2022-23 | 1,04,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,04,000 | 0 |
| ” | 2022-23 | 8,40,000 | ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.സി. | 8,40,000 | 0 |
| ” | 2022-23 | 57,40,000 | ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ | 57,40,000 | 0 |
| ” | 2022-23 | 12,40,000 | ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.സി. | 12,40,000 | 0 |
| ആകെ | | 99,52,000 | | 99,52,000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കൽ വാർഡ്-6 (വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കൽ) | 45/08-07-2022 | 2,23,000 | 0 | 2,23,000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതുടാപ്പ് ഒഴിവാക്കുന്നതിനായി തുക അടവാക്കുക | 25/29.11.2022 | 6,27,000 | 0 | 6,27,000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ നീട്ടൽ | 252/08-02-2023 & 255/10-02-2023 | 22,24,831 | 0 | 22,24,831 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| മുതൽ | പലിശ | | | | | |
| ലൈഫ് മിഷൻ | | 86,40,000 | 5,55,20,000 | 82,26,200 | 5,59,33,800 | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,993/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2019-20 | 1-18 | 2,993 | ശ്രീമതി പ്രസീജ ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | 1220200367/13.05.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | |
| 2015-16 | 2-2 | 2016-17 | | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | 7 ജീവനക്കാരിൽ നിന്നും തുക ഈടാക്കി. വിരമിച്ച 2 ജീവനക്കാരുടെ തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു. |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,08,30,999 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,03,93,387 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61,335 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,61,249 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 48,928 | ഡോ.ലിന്റ സാമുവൽ പി., മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-2 | | 5,442 | ശ്രീമതി ദീപ്തി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 6,965 | ശ്രീമതി ദീപ്തി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 61,335 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 6,27,000 | ശ്രീ.ഷാജി എസ്., സെക്രട്ടറി |
| 1-19 | 1,31,611 | ശ്രീ.ഷാജി എസ്., സെക്രട്ടറി |
| 1-20 | 2,23,000 | ശ്രീ.ഷാജി എസ്., സെക്രട്ടറി |

| | | |
|---|---|---|
| 1-21 | 22,24,831 | ശ്രീ.ഷാജി എസ്., സെക്രട്ടറി |
| 1-24 | 8,00,000 | ശ്രീമതി വിലാസിനി, വി.ഇ.ഒ., അർത്തുങ്കൽ |
| 1-25 | 32,640 | ഡോ.സ്മിത അഗസ്റ്റിൻ, വെറ്ററിനറി സർജൻ |
| 1-26 | 7,22,167 | ഡോ.നസിയ കെ.സലിം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 47,61,249 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക നം./ തുക

1-23 3,441/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.നസിയ കെ.സലിം, മെഡിക്കൽ ഓഫീസർ | ഡോ.നസിയ കെ. സലിം മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചേർത്തല തെക്ക് | കോലേരി, മേപ്പയ്യന്നൂർ പി.ഒ., കോഴിക്കോട് – 673524 |
| ഡോ.സ്മിത അഗസ്റ്റിൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി, അർത്തുങ്കൽ | തോപ്പിൽ പറമ്പിൽ, അരൂർ പി.ഒ., ആലപ്പുഴ |
| ശ്രീമതി വിലാസിനി | വി.ഇ.ഒ., അർത്തുങ്കൽ | ദേവകി കൃഷ്ണ, ചേർത്തല തെക്ക് പി.ഒ., ആലപ്പുഴ |
| ശ്രീ.ഷാജി എസ്., സെക്രട്ടറി | സെക്രട്ടറി, ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് | സുഭാഷ് ഭവനം, മരുത്തോർവട്ടം പി.ഒ., ആലപ്പുഴ |
| ശ്രീമതി ദീപ്തി | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ചേർത്തല തെക്ക് | വേലമ്മ ചിറയിൽ, കണിച്ചുകുളങ്ങര പി.ഒ., ചേർത്തല, ആലപ്പുഴ |

| | | |
|---|---|---|
| ഡോ.ലിന്റ സാമുവൽ പി., മെഡിക്കൽ ഓഫീസർ (ആയുർവേദം) | ആയുർവേദ ഡിസ്പെൻസറി, ചേർത്തല | പറങ്ങോട്ടുശ്ശേരിൽ, തുമ്പോളി പി.ഒ., ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 & 2003-04 | എൽ.എഫ്.ജി.എ5-1832/11/20.1.12 |
| 2001-02 | കെ.എസ്.എ-എ.എൽ.പി/പി.12/1280/2022 തീയതി : 19.05.2023 |
| 2004-05 | കെ.എസ്.എ-എ.എൽ.പി/പി.12/1280/2022 തീയതി : 19.05.2023 |
| 2005-06 | എൽ.എഫ്.ജി.എ5-161/13/9.9.13 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി13-1612/18 തീയതി : 12.02.2019 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി.12/1280/2022 തീയതി : 19.05.2023 |
| 2008-09 & 2009-10 | |
| 2010-11 & 2011-12 | |
| 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |

| | |
|---|---|
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.12/742 /2022/16.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.12/223 /2022/27.03.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.12/1658 /2022/23.02.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 21(1) dated 24-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Cherthala South Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cherthala South Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Cherthala South Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.The following mandatory statements prescribed in accounts rules are not submitted for audit

1)Cash flow statements

2)Notes to accounts

2.Discrepancies in carrying forward of the closing balance in the year in respect of liabilities.

3.Cash flow statement- Net increase/Decrease in cash flow does not match with difference between the opening balance and closing balance of the cash & cash equivalents.

4.Monthly Bank reconciliation statement of District Co-operative bank (40221001010353) not prepared .

5.Directly Debited by bank/Directly credited by bank Further action not taken.

6. Bank pass book / Statement of IDBI SBM Cherthala & SCB Distress relief fund not produced

7. Appropriation control register of Development fund (general & TSP) does not match with AFS

8.Negative amount included in Income & Expenditure & Balance sheet

9. Lapses in making timely and accurate demand entries in respect of tax and non tax revenue

10. Payment voucher misclasiification- Advance to KWA accounted in wrong head of account.

11. Deposit register mismatch with AFS

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്